കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വേലൂർ ഗ്രാമപഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി9)1/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020

ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in

തീയതി:30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

വേലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2,2-3 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-3, 3-11, ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി9)1/2017 തിയ്യതി:30.01.2017

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 22-05-2015 മുതൽ 12-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-12-2016 മുതൽ 19-12-2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി.റീനാ ജോസഫ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ.ഇ.കെ | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പ്രസാദ്.പി.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷഹീർ.എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ഗീത ബാലകൃഷ്ണൻ<br>01-04-2015 മുതൽ 31.10.15 വരെ<br>(01.11.15 മുതൽ 18.11.15 വരെ അഡ്ഹോക് |

| | | |
|---|---|---|
| | കമ്മിറ്റി) | |
| | ശ്രീമതി. ഷേർളി ദിലീപ്കുമാർ<br>19-11-2015 മുതൽ 31.03.16 വരെ | |
| സെക്രട്ടറി | ശ്രീ. ടി.പി.കുര്യൻ | 01-04-2015മുതൽ<br>31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.മിനി കെ | 01-04-2015മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നിമ്മി.ഇ.ആർ | 01-04-2015മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.സ്മിത കൊച്ചുമോൻ | 01.04.15മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഇല്ല | |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഇല്ല | |
| വെറ്ററിനറി സർജൻ | ഡോ. ശ്രീഹരി | 01-04-2015മുതൽ<br>14-10-2015 വരെ |
| | ഡോ.എസ്.ഷിബു | 15-10-2015മുതൽ<br>31.03.2016 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.സുനിതാകുമാരി | 01-04-2015മുതൽ<br>31.03.2016 വരെ |
| വി.ഇ.ഒ<br>വേലൂർ സർക്കിൾ | ശ്രീ.സജിത് തോമസ് എടക്കളത്തൂർ | 1-04-2015മുതൽ<br>31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി<br>ഗിരിജാകുമാരി.എസ് | 01.04.2015മുതൽ<br>21-08-2015 വരെ |
| | ശ്രീമതി<br>സഫിയ.എൻ.പി | 22-08-2015മുതൽ<br>31.12.2015 വരെ |
| | ശ്രീമതി<br>നിഷ.എം.കെ | 01-01-2016മുതൽ<br>31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മിനി.വി | 01.04.2015മുതൽ<br>31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം-2 | | |
| 11 | ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2-1 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-2 |
| 13 | വസ്തുനികുതി അപാകതകൾ | 2-3 |
| 14 | പരസ്യനികുതി ഈടാക്കിയിട്ടില്ല | 2-4 |
| 15 | ദുരിതാശ്വാസനിധി-ചട്ടപ്രകാരമുള്ള രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 2-5 |
| 16 | ടെണ്ടർ ഫോം വില്പന-19,005/-രൂപ പഞ്ചായത്തിന് ലഭ്യമായില്ല | 2-6 |
| 17 | ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 2-7 |
| ഭാഗം-3 | | |
| 18 | കുടിവെള്ള വിതരണം – നിലവിലില്ലാത്ത ടാപ്പുകൾക്കും കരമടക്കുന്നു. | 3-1 |
| 19 | തെരുവുവിളക്ക് വൈദ്യുതി ചാർജ്ജ് വൻതുക കുടിശ്ശിക | 3-2 |
| 20 | പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം – പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്. | 3-3 |
| 21 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല | 3-4 |
| 22 | കരാർ പ്രവൃത്തി-ആദായനികുതി ഈടാക്കിയിട്ടില്ല | 3-5 |

| | | |
|---|---|---|
| 23 | അതുല്യം (പ്രാഥമിക വിദ്യാഭ്യാസ പരിപാടി) നിർവ്വഹണം ക്രമപ്രകാരമല്ല | 3-6 |
| 24 | ട്യൂബ് സെറ്റ് വാങ്ങൽ- സ്ഥാപിച്ചതിന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല | 3-7 |
| 25 | സ്ലീറ്റ് ലൈൻ സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 26 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 3-9 |
| 27 | പാലിയേറ്റീവ് പരിചരണം- മാർഗ്ഗരേഖ പാലിക്കുന്നതു സംബന്ധിച്ച് | 3-10 |
| 28 | സമഗ്ര ആരോഗ്യ വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 29 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-12 |
| 30 | പദ്ധതി ചെലവ് വിശദാംശങ്ങൾ | 3-13 |
| 31 | PWD റോഡിൽ പ്രവൃത്തി നടപ്പാക്കിയതിന്റെ ചെലവ് | 3-14 |
| 32 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം-ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല | 3-15 |
| 33 | ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പണികളിലെ അപാകതകൾ | 3-16 |
| 34 | ടെണ്ടർ-ഇ.ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം | 3-17 |
| 35 | ഫിക്സഡ് ഡെപ്പോസിറ്റുകൾ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു | 3-18 |
| 36 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ – അടങ്കൽ തുക കുറച്ച് കൂടുതൽ പ്രവൃത്തികൾ ചെയ്യുന്ന രീതി ഉപേക്ഷിക്കേണ്ടതാണ്. | 3-19 |
| 37 | റോഡ് കണക്റ്റിവിറ്റി പ്ലാൻ | 3-20 |
| 38 | കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയത്- കൈപ്പറ്റ് രശീതി ലഭ്യമായില്ല | 3-21 |
| 39 | ടാർ വാങ്ങിയതിലെ ബിൽ ഹാജരാക്കിയിട്ടില്ല | 3-22 |

| | | |
|---|---|---|
| 40 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു. | 3-23 |
| 41 | വനിത പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-24 |
| 42 | വനിത പട്ടികജാതിക്കാർക്ക് വീട് നിർമ്മാണം(സ്പിൽ ഓവർ) പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല | 3-25 |
| 43 | ചെറുകുന്ന് കോളനി കുടിവെള്ള പദ്ധതി-ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ല | 3-26 |
| 44 | ആശ്രയ പദ്ധതി അവലോകനം | 3-27 |
| ഭാഗം-4 | | |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 50 | ഓഡിറ്റ് റിക്കവറി | 4-5 |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-6 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 54 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25-03-2015 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് ₹9,95,90,400/- (മുന്നിരുപ്പ് ഉൾപ്പെടെ) പ്രതീക്ഷിത ചെലവ് ₹9,93,89,000-/- ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലുമാണ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് അവലോകനം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (+)/(-) |
|---|---|---|---|
| വസ്തുനികുതി | 40,00,000 | 35,85,162 | 4,14,838 |
| തൊഴിൽ നികുതി | 17,76,610 | 16,71,160 | 1,05,450 |
| പരസ്യ നികുതി | 0 | 0 | 0 |

| | | | |
|---|---|---|---|
| വാടക | 10,000 | 13,200 | (-) 3200 |
| ഡി&ഓ ലൈസൻസ് | 3,55,200 | 1,88,620 | 1,66,580 |
| പെർമിറ്റ് ഫീ | 2,55,000 | 92,752 | 1,62,248 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 20-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

അപാകതകൾ-

1)നാളിതുവരെയുള്ള ആസ്തി-ബാദ്ധ്യതകൾ കണക്കാക്കി വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 2,32,09,246.71 |
| വരവ് | ₹ 4,16,18,812.00 |
| ആകെ | ₹ 6,48,28,058.71 |
| ചെലവ് | ₹ 5,89,87,907.00 |
| നീക്കിയിരിപ്പ് | ₹ 58,40,151.71 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3565591 | 7452779 | 11018370 | 11018370 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 5901119 | 5531782 | 11432901 | 7103282 | 4329619 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 14000 | 14000 | 14000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2316082 | 10432014 | 12748096 | 12748096 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1260525 | 1675327 | 2935852 | 2935852 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1626844 | 6463100 | 8089944 | 4972784 | 3117160 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 68332 | 0 | 68332 | 68332 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 10107189 | 10107189 | 10102295 | 0 | 4894 |

11018370 *=1,00,51,998+1,96,104+7,70,268(ജില്ലാ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 57217725 | 146 | 43202845 | 34 | 0 | 75.5 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 32.7%.ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5579895 | 4212045 | (-)1367850 | (-)32.5% |
| നികുതിയേതര വരവുകൾ | 401166 | 441531 | (+) 40365 | (+) 9% |
| മറ്റുവരവുകൾ | 5123824 | 3711306 | (-)1412518 | (-) 38 % |
| ആകെ | 11104885 | 8364882 | (-)2740003 | (-)32.7% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 357480 | 177 |
| കർഷകതൊഴിലാളി പെൻഷൻ | 6461940 | 719 |
| വിധവാപെൻഷൻ | 12468320 | 1136 |
| വാർദ്ധക്യകാലപെൻഷൻ | 10803030 | 1209 |
| വികലാംഗപെൻഷൻ | 4017400 | 356 |
| അവിവാഹിത പെൻഷൻ (above 50 years) | 1663600 | 152 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5439/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.12.16 | ഒക്ടോബർ 2016 മുതൽ നവംബർ 2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.10.16 മുതൽ 26.10.16 വരെ | 2010-11മുതൽ 2015-16 വരെ | 14.12.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ഡി&ഓ ലൈസൻസ് അനുദിച്ചതിലെ അപാകതകൾ

1. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സ്രുക്കലർ പ്രകാരം ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. എന്നാൽ വേലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന യൂണിറ്റുകൾ 2015-16 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിനായി നൽകിയ അപേക്ഷയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ഇല്ല.

| ക്രമ നം | പേര് |
|---|---|
| 1 | ബിജു ഫ്രാൻസിസ്, കോലഴി |
| 2 | എൻ.ജെ.ബേബി, വേലൂർ ബസാർ |
| 3 | പി.ജെ.ജോസ്, പൊറത്തൂർ |
| 4 | എം.വി.ഔസേഫ്, മുരിങ്ങത്തൊടി |
| 5 | ജോയ്, വടക്കൂട്ട് വീട്,വെള്ളാറ്റഞ്ഞൂർ |
| 6 | ബഷീർ പി എ,പി.എ.ബി.പ്രോഡക്റ്റ്സ് |
| 7 | എ.എം അലി,ഷാൻഗ്രില ഡിസൈനർ ടൈൽസ് |
| 8 | ജൂലി വർഗീസ്,സെ.ജോസഫ് ഹോളോബ്രിക്സ് |

2. പഞ്ചായത്തിലെ മിക്ക സ്ഥപനങ്ങൾക്കും 2015-16 ൽ ലൈസൻസ് അനുവദിച്ചത് അപേക്ഷയോടൊപ്പം യാതൊരു

രേഖകളും ലഭ്യമാക്കാതെയാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 10 | ഇവോൾവ് പോളിമേഴ്സ് |
| 2 | 39 | സെന്റ് ജോസഫ് ഫർണ്ണീച്ചർ |
| 3 | 67 | ശങ്കർ പോളിമേഴ്സ് |
| 4 | 68 | ശങ്കർ റബ്ബേഴ്സ് |
| 5 | 102 | മനാർ സ്റ്റീൽസ് |
| 6 | 103 | ആബേൽ ഇൻഡസ്ട്രീസ് |
| 7 | 123 | ആൽഫ സ്റ്റീൽസ് |

ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ഡി&ഓ ലൈസൻസികളിൽ നിന്നും താഴെ പറയുന്ന രേഖകൾ അപേക്ഷകളോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

a) സ.ഉ(എം.എസ്)നം. 323/2011/ത.സ്വ.ഭ.വ തീ. 27-12-2011 നിർദ്ദേശാനുസരണം നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.

b) സർക്കുലർ നമ്പർ 63624/ ആർ.സി.2/ 2008/ ത.സ്വ.ഭ.വ തീ. 15-06-2009 പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന.

3. താഴെപറയുന്ന സ്ഥപനങ്ങളുടെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രത്തിന്റെ കാലാവധി 30.06.2015 വരെ മാത്രമാണുള്ളത്. പുതുക്കിയ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ 2015-16ലേക്ക് ലൈസൻസ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 103 | ആബേൽ ഇൻഡസ്ട്രീസ് |
| 2 | 102 | മനാർ സ്റ്റീൽസ് |
| 3 | 49 | വിൻദീപ് ട്രെഡ്സ് |
| 4 | 50 | ടീസൺ പോളിമേഴ്സ് |
| 5 | 51 | GEM ട്രെഡ്സ് |
| 6 | 96 | M/s ബെർടെക് ക്ലൾ ട്രെഡ്സ് |
| 7 | 232 | ത്രീസ്റ്റാർ ഗ്രാനൈറ്റ്സ് |

4. പെട്രോൾ പമ്പ് നടത്തുന്ന സ്ഥാപനമായ വടക്കൂട്ട് ഫ്യൂവൽസിന് 2015-16 ൽ 105-ാം നമ്പറായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയിൽ പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ഫീസായി കേവലം 500/- രൂപയും തൊഴിൽനികുതിയിനത്തിൽ 600/- രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. പരമാവധി ലൈസൻസ് ഫീസും സ്ഥാപന തൊഴിൽനികുതിയും ഈടാക്കാത്തതിനു വിശദീകരണം നൽകേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

1) 1988 ലെ CBSE Affiliation പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന CBSE സ്കൂൾ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളസ്കെയിലിലെ വേതനവും മറ്റാനുകൂല്യങ്ങളും നൽകണമെന്നാണ് വ്യവസ്ഥ.( CBSE Affiliation ബൈലോയിലെ ഖണ്ഡിക 3(v) കാണുക.) എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ OIET Public School, Njalikkara, Sri Vighneswara Central School, Salsabeel Green School, Kiraloor എന്നീ സ്കൂളുകളിലെ സ്ഥാപനമേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പള വിവരം പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ

ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിരിക്കുന്നത് . തൊഴിൽ നികുതി റിട്ടേൺ അനുസരിച്ച് താഴെപറയും പ്രകാരമുള്ള തൊഴിൽ നികുതിയാണ് ഇവിടെ നിന്നും ലഭ്യമായിരിക്കുന്നത്.

| ക്രമ നം | സ്കൂളിന്റെ പേര് | ഒന്നാം അർദ്ധവർഷം | | രണ്ടാം അർദ്ധവർഷം | | റിട്ടേൺ പ്രകാരം ശരാശരി പ്രതിമാസശമ്പളം | അടവാക്കിയ ശരാശരി തൊഴിൽ നികുതി |
|---|---|---|---|---|---|---|---|
| | | ആകെ ജീവന ക്കാരുടെ എണ്ണം | ആകെ അടവാക്കിയ തൊഴിൽ നികുതി | ആകെ ജീവന ക്കാരുടെ എണ്ണം | ആകെ അടവാക്കിയ തൊഴിൽ നികുതി | | |
| 1 | OIET Public School, Njalikkara | 18 | 2400 | 20 | 2640 | 2150 മുതൽ 3135 വരെ | 120 |
| 2 | Sri Vighneswara Central School,Velur | 18 | 3360 | 18 | 4980 | 4000 മുതൽ 7000 വരെ | 300 |
| 3 | Salsabeel Green School, Kiraloor | 10 | 4830 | 10 | 4830 | 8500 | 450 |

ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. CBSE സ്കൂൾ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളം പ്രകാരമുള്ള അർദ്ധവാർഷിക വരുമാന റിട്ടേണുകളാണോ സ്ഥാപനമേധാവികൾ ലഭ്യമാക്കിയതെന്ന് പരിശോധിച്ച് യഥാർത്ഥത്തിലുള്ള തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പഞ്ചായത്ത് പരിധിയിലുള്ള ബി.എസ്.എൻ.എൽ. ലിമിറ്റഡ്, വേലൂരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെയുള്ള ചട്ടങ്ങളനുസരിച്ച് സ്വയം തൊഴിൽ ചെയ്യുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥപനങ്ങളിൽ നിന്നും സ്ഥാപന/വ്യക്തിഗത തൊഴിൽ നികുതി ഈടാക്കിട്ടില്ല.

i) സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ വിദഗ്ധർ.

ii) കരാറുകാർ

iii) ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ

4) പഞ്ചായത്തിൽ നിന്നും ഡി&ഓ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | ഡി&ഓ ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ഡി&ഓ അപേക്ഷ പ്രകാരം സ്ഥാപന ത്തിലെ |
|---|---|---|---|

| | | | ആകെ ജോലി ക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 49/15-16 | വി.ജി.സുനിൽകുമാർ, വിൻദീപ് ട്രെഡ്സ് കിരാലൂർ | 4 |
| 2 | 50/15-16 | എം ഗിരിശങ്കർ, ടീസൺ പോളിമേഴ്സ്,കിരാലൂർ | 10 |
| 3 | 51/15-16 | കെ രാജഗോപാലൻ,GEM ട്രെഡ്സ് കിരാലൂർ | 20 |
| 4 | 56/15-16 | ഇ.എ.അബ്ദുൾകരീം, യൂണിവേഴ്സൽ റോക്ക് പ്രോഡക്ട്സ് കിരാലൂർ | 10 |
| 5 | 57/15-16 | ഇ.എ.അബ്ദുൾകരീം, യൂണിവേഴ്സൽ റോക്ക് പ്രോഡക്ട്സ് കിരാലൂർ | 10 |
| 6 | 96/15-16 | ടി ആർ വിജയകുമാർ, ടി ആർ ബോണ്ടിംഗ്സ് പ്രൈ .ലി.,തയ്യൂർ | 5 |
| 7 | 102/15-16 | എം എ സുജിത്,മനാർ സ്റ്റീൽ തയ്യൂർ | 8 |
| 8 | 103/15-16 | എം.എൽ പോൾ, ആബേൽ ഇൻഡസ്ട്രീസ് | 19 |
| 9 | 117/15-16 | ടി.ആർ സേതുനാഥ്, ബൈസൺ റബ്ബേഴ്സ്,കിരാലൂർ | 14 |
| 10 | 245/15-16 | മലബാർ സ്റ്റീൽ ഇൻഡസ്ട്രീസ്, വേലൂർ | 35 |
| 11 | 376/15-16 | പ്രവീൺ ഇന്റർനാഷണൽ പാക്കിംഗ് സൊല്യൂഷൻസ്,വേലൂർ | 5 |

2015-16 വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ബി) മുതൽ (എഫ്) വരെ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 10,13 എന്നിവ പ്രകാരം നോട്ടീസ് മിക്ക സ്ഥാപനങ്ങൾക്കും നൽകിയിട്ടില്ല. നോട്ടീസ് നൽകി നികുതിക്കു വിധേയരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി അപാകതകൾ

1) ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തു നികുതി നിർണയിച്ച് ഈടാക്കിയതായി കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു. ഒരേയാളുടെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടത്തിന് മാത്രം താമസാവശ്യത്തിനുള്ള നികുതി ചുമത്താവുന്നതും ബാക്കിയുള്ളവയ്ക്ക് കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് നികുതി നിർണയിക്കേണ്ടതുമാണ്.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 16/370-A | സുഹറ w/o മുഹമ്മദലി |
| 2 | 16/370-B | സുഹറ w/o മുഹമ്മദലി |
| 3 | 16/370-C | സുഹറ w/o മുഹമ്മദലി |
| 4 | 16/370-D | സുഹറ w/o മുഹമ്മദലി |
| 5 | 16/370-E | സുഹറ w/o മുഹമ്മദലി |
| 6 | 16/370-F | സുഹറ w/o മുഹമ്മദലി |
| 7 | 17/438-A | മേരി D/o വറീത് |
| 8 | 17/438-B | മേരി D/o വറീത് |
| 9 | 17/438-C | മേരി D/o വറീത് |
| 10 | 17/438-D | മേരി D/o വറീത് |
| 11 | 16/69-A | ഷെബീന |
| 12 | 16/69-B | ഷെബീന |
| 13 | 16/69-C | ഷെബീന |

ഇത്തരം കൂടുതൽ കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് വസ്തു നികുതി പുനർനിർണയിക്കേണ്ടതാണ്.

2) കെട്ടിട നിർമ്മാണ ചട്ടം 137(3) അനുസരിച്ച് കെട്ടിടങ്ങൾ ക്രമവൽക്കരിച്ച വിവരം സെക്രട്ടറി Appendix-j ഫോറത്തിൽ രജിസ്റ്റർ ചെയ്യുന്നത് സൂക്ഷിക്കേണ്ടതാണ്.

3)താഴെ പറയുന്ന കെട്ടിടത്തിന് കെട്ടിടത്തിന്റെ തരത്തിനാനുപാതികമായ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. കാരണം വിശദീകരികണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 09/16.12.16) ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടം ഗോഡൗൺ ആയിട്ടാണ് നമ്പറിട്ടിരിക്കുന്നതെന്നും എന്നാൽ വ്യവസായികാവശ്യത്തിനുള്ള സ്റ്റോറേജ് ഷെഡ് ആയി പരിഗണിച്ച് ച.മീറ്ററിന് 10/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത് എന്നുമാണ് അറിയിച്ചത്. നിലവിൽ 20% വർദ്ധനവ് അടക്കം 26990/- നികുതി നിശ്ചയിച്ചിട്ടുണ്ടെന്നും ഷീറ്റിൽ മേൽക്കൂര തീർത്തിട്ടുള്ള ടി കെട്ടിടത്തിന് ഷീറ്റ് കൊണ്ടു തന്നെയാണ് ചുമർ കെട്ടിയിട്ടുള്ളതെന്നും ആയതിനാൽ ഗോഡൗൺ ആയി പരിഗണിച്ച് നികുതി നിർണ്ണയിക്കേണ്ടതില്ലെന്നും മറുപടിയിൽ പരാമർശിക്കുന്നുണ്ട്.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണം (ച.മീറ്ററിൽ) | കെട്ടിടത്തിന്റെ തരം/ഉപയോഗം | ഈടാക്കിയ നികുതി | | ഈടാക്കേണ്ടിയിരുന്ന നികുതി | | വ്യത്യാസം | |
|---|---|---|---|---|---|---|---|---|---|
| | | | | വസ്തു നികുതി @10/m2 + 20% വർദ്ധനവ് | ലൈബ്രറി സെസ് | വസ്തു നികുതി @ 50/m2 | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് |
| V/307-B | എ.എ.ഇസ്മയിൽ s/o | 2699.02 | ഗോഡൗൺ | 29690 | 1485 | 134951 | 6748 | 105261 | 5263 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | അബൂബക്കർ, അനലത്ത് വീട് | | | | | | | | |

മേൽപട്ടികയിൽ കാണുന്നതുപോലെ ടി കെട്ടിടത്തിന്റെ നികുതിയിൽ വൻ വ്യത്യാസം ഉണ്ടാകാമെന്നതുകൊണ്ട് കൂടുതൽ അന്വേഷണം നടത്തി ആവശ്യമാണെങ്കിൽ നികുതി പുനർനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 പരസ്യ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന എല്ലാ പരസ്യങ്ങൾക്കും പരസ്യ നികുതി ഈടാക്കേണ്ടതാണ്. 2015-16 ലെ വാർഷിക കണക്കുകൾ പ്രകാരം വേലൂർ പഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കിയിട്ടില്ല. പരസ്യ നികുതി ഈടാക്കാത്തതുമൂലം പഞ്ചായത്തിന്റെ തനതുവരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ സർക്കാർ നിരക്കുകൾക്ക് വിധേയമായി പരസ്യ നികുതി ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കേണ്ടതും പരസ്യ നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 ദുരിതാശ്വാസ നിധി - ചട്ട പ്രകാരമുള്ള രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ട പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ചട്ടം 5 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, സബ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക്, ലഭിച്ച അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള രേഖകൾ/രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ടെണ്ടർ ഫോം വിൽപന - 19,005/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 19,005/- രൂപ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ടെണ്ടർ ഫോം വില | കരാറുകാരുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | ആല റോഡ് (130/16) | 700000 | 1470 | 1 | 1470 |
| 2 | അരിസോണ കുറുരമ്മ അമ്പലം റോഡ് (97/16) | 800000 | 1680 | 1 | 1680 |
| 3 | കുറുക്കൻ കുണ്ട് റോഡ് (129/16) | 600000 | 1260 | 1 | 1260 |
| 4 | തയ്യൂർ പാലം മുതൽ ആൽമൈതാനം റോഡ് (159/16) | 1500000 | 5250 | 1 | 5250 |
| 5 | തയ്യൂർ പാലം മുതൽ | 1500000 | 5250 | 1 | 5250 |

| | | | | | |
|---|---|---|---|---|---|
| | ആൽമൈതാനം റോഡ് (160/16) | | | | |
| 6 | ചുങ്കം കോട്ടപ്പുറം റോഡ് (175/16) | 550000 | 1155 | 1 | 1155 |
| 7 | കുറുമാൽ നാരങ്ങവളപ്പിൽ മേക്കത്ത് പടിറോഡ് (93/16) | 800000 | 1680 | 1 | 1680 |
| 8 | തയ്യൂർ ഇട്ടിമൂല ബെഡ് കമ്പനി റോഡ് (124/16) | 600000 | 1260 | 1 | 1260 |
| | ആകെത്തുക | | | | 19,005 |

പഞ്ചായത്തിന്റെ തനത് വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

2015-16 വർഷം ടെണ്ടർ ഫോം വിൽപ്പനയിൽ ആകെ ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി (21/19.12.16) നൽകിയെങ്കിലും ലഭ്യമായ മറുപടിയിൽ ഇപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല എന്നും നിലവിലുള്ള പൊതു സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തു വരുന്നതായും പറയുന്നു. ഇത് ശരിയായ നടപടിയല്ല. അതിനാൽ ടെണ്ടർ ഫോമിന് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിന് നടപടികൾ എടുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള വിതരണം-നിലവിലില്ലാത്ത ടാപ്പുകൾക്കും കരമടക്കുന്നു

പഞ്ചായത്തിൽ കുടിവെള്ളവിതരണത്തിനായി സ്ഥാപിച്ചിരിക്കുന്ന 352 തെരുവു ടാപ്പുകൾക്കായി പ്രതിമാസം 154438 രൂപ പ്രകാരം തൻവർഷത്തിൽ 1853256/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ച് ചട്ടപ്രകാരം നടത്തേണ്ട സംയുക്ത പരിശോധന ഈ കാലയളവിൽ നടത്തുകയുണ്ടായില്ല. 13.07.2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 11ാം നമ്പർ തീരുമാനപ്രകാരം പൊതുടാപ്പുകളിൽ പകുതിയിലധികം പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുമായി സംയോജിച്ച് പഞ്ചായത്തോ ഗുണഭോക്തൃ സമിതികളോ ജലവിതരണവും അറ്റകുറ്റപണികളും നടത്തിവരുന്നതുമാണ്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 18.07.16 ന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും ആയതിൻ പ്രകാരം 155 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്നും കാണുകയുണ്ടായി. കുറവായി കണ്ടെത്തിയ 197 ടാപ്പുകൾക്കായി തൻവർഷത്തിൽ 1037205/- രൂപ തനതുഫണ്ടിൽ നിന്ന് അധിക ചെലവ് വന്നിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് സമയാസമയങ്ങളിൽ ആവശ്യപ്പെട്ടിട്ടും സംയുക്ത പരിശോധന നടത്തുന്നതിൽ കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ് ഈ നഷ്ടത്തിനു കാരണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വരുംവർഷങ്ങളിൽ ഇത്തരത്തിലുള്ള അധിക ചെലവ് വരുന്നത് തടയുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ ചെലവ് കാണിച്ചിരിക്കുന്നത് 16,16,456/- രൂപയാണ്. ചെലവിൽ വന്നിരിക്കുന്ന 2,36,800/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 3-2 തെരുവുവിളക്ക്- വൈദ്യുത ചാർജ്ജിൽ വൻതുക കുടിശ്ശിക

തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ കേച്ചേരി ഇലക്ട്രിക് സെക്ഷനിൽ നിന്നും 07.07.2015 ൽ 616520/- രൂപയുടെ കടിശ്ശിക ബിൽ പഞ്ചായത്തിന് നൽകിയിട്ടുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 13.07.2015 ലെ 7 (22)ാം നമ്പർ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം KSEB യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വിളക്കുകളുടെ എണ്ണത്തിൽ കുറവ് വരികയും തൻമൂലം പ്രതിമാസം അടവാക്കിയിരുന്ന തുക 109175/- രൂപയിൽ നിന്നും 82872/- രൂപയായി കുറയുകയും ചെയ്തിട്ടുള്ളതായി പറയുന്നു. പുതുതായി സ്ഥാപിച്ച CFL ലൈറ്റുകളുടെ കുറഞ്ഞ താരിഫ് നിരക്ക് ക്രമീകരിക്കുന്നതിൽ KSEB യുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസമാണ് ഭീമമായ ഈ കടിശ്ശിക വരാനുണ്ടായ കാരണം. ചട്ടപ്രകാരം സംയുക്ത പരിശോധന നടത്തുന്നതിൽ വീഴ്ച വരുത്തിയതിന് പഞ്ചായത്തിനും ഉത്തരവാദിത്വമുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇക്കാര്യം KSEB അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ബിൽ തുക കുറവ് ചെയ്ത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം- പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-48-8734 ബോലേറോ ജീപ്പിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മെക്കാനിക്കൽ ഡിവിഷൻ,ചാലക്കുടി 21.10.2015 ന് നൽകിയ ഇന്ധനക്ഷമതാ സാക്ഷ്യപത്രം പ്രകാരം ഈ വാഹനത്തിന് 10കി.മീ/ലിറ്റർ ഇന്ധനക്ഷമതയുണ്ട്. എന്നാൽ വാഹനത്തിന്റെ പ്രതിമാസ ഉപഭോഗ സംഗ്രഹം പരിശോധിച്ചതിൽ നിന്നും 14കി.മീ/ലിറ്ററും ചില മാസങ്ങളിൽ (ഉദാ:- ഒക്ടോബർ 2015) 18.9കി.മീ/ലിറ്റർ വരെയും ഇന്ധനക്ഷമതയുള്ളതായി കാണുന്നു. വാഹനത്തിൽ തൻവർഷം 1213ലിറ്റർ ഡീസൽ ഉപയോഗിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇന്ധനക്ഷമതയിലുള്ള ഈ വലിയ വ്യത്യാസം ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും അടുത്ത വർഷത്തേക്കുള്ള സാക്ഷ്യപത്രത്തിൽ ഈ വ്യത്യാസം ക്രമീകരിച്ച് പൊരുത്തക്കേട് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 കമ്പ്യൂട്ടർ അനുബന്ധഉപകരണങ്ങളുടെ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല

സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് നിശ്ചിത മാതൃകയിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത മാതൃകയിൽ കമ്പ്യൂട്ടറുകൾ, അനുബന്ധഉപകരണങ്ങൾ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ ഉണ്ടെങ്കിലും രജിസ്റ്ററിൽ എല്ലാ വിവരങ്ങളും എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ വാറന്റി പീരിഡ് അടക്കമുള്ള എല്ലാ വിവരങ്ങളും ടി രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം പ്രയോജനപ്പെടുത്തി രജിസ്റ്ററിൽ എല്ലാ വിവരങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-5 കരാർ പ്രവൃത്തി-ആദായനികുതി ഈടാക്കിയിട്ടില്ല

എ) സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തിക്ക് നിയമാനുസൃതമായ നിരക്കിൽ ആദായനികുതി ഈടാക്കി ഒടുക്കിയിട്ടില്ല. വിശദവിവരം ചുവടെ.

പ്രോജക്ട് - തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ (16/16)

അടങ്കൽ - 6,00,000

ചെലവ് - 1,98,462/- , 82,572/- ആകെത്തുക – 2,81,034/-

ബിൽനം. - 32/15-16, 30.1.16, 43/15-16, 29.3.16,

കരാറുകാരൻ - അമ്മാസ് പവ്വർ സൊല്യൂഷൻസ്, കോഴിക്കോട്

ഈടാക്കേണ്ട 1% ആദായനികുതി 2,810/- രൂപ കരാറുകാരനിൽ നിന്നും പിടിച്ച് അടവാക്കേണ്ടതാണ്. കരാർ

തുകയുടെ ബാക്കി തുക അടുത്ത സാമ്പത്തികവർഷം നൽകുമ്പോഴും ഇപ്രകാരം നികുതി ഈടാക്കേണ്ടതാണ്.

ബി) അംഗീകൃത സമയത്തിനകത്ത് കരാർ ഒപ്പുവച്ചില്ല-നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്
സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള മേൽ പ്രവൃത്തിക്ക് താഴെപ്പറയുന്ന പ്രവർത്തിക്ക് അംഗീകൃത സമയത്തിനുള്ളിൽ കരാർ ഒപ്പ് വെച്ചിട്ടില്ല.

ടി പ്രവൃത്തിയുടെ ടെണ്ടർ 19.6.15 ൽ അംഗീകരിച്ചതായും ടെണ്ടർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് 3 ദിവസത്തിനുള്ളിൽ കരാർ വെക്കേണ്ടതുമാണ് എന്ന് കാണിച്ച് 24.6.15 ന് കത്ത് (A2/330/15) നൽകിയിട്ടുണ്ട്. എന്നാൽ കത്ത് കൈപ്പറ്റിയ രേഖ ഫയലിൽ ഇല്ല. തുടർന്ന് 28.8.15 ന് വീണ്ടും കത്ത് (A2/2570/15) നൽകിയിട്ടുണ്ട്. എന്നാൽ 11.9.2015 നാണ് കരാർ ഒപ്പ് വെച്ചതായി കാണുന്നത്. കരാർ വ്യവസ്ഥകൾ (GO(P)No.84/97/PW&T Dt. 19.08.97) പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ കരാർ വെക്കേണ്ടതും അടുത്ത 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. എന്നാൽ 2 മാസത്തോളം വൈകി കരാർ വെച്ചതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. നിയമാനുസൃതമായ പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 അതുല്യം (പ്രാഥമിക വിദ്യാഭ്യാസ പരിപരിപാടി) നിർവ്വഹണം ക്രമപ്രകാരമല്ല

പ്രോജക്ട് - അതുല്യം (24/16)

അടങ്കൽ - 200000 (തനത് ഫണ്ട്)

ചെലവ് - 1,71,650

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്തിലെ നിരക്ഷരരായവർക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന്ന് വേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രോജക്ടാണിത്. 4 മാസത്തെ പഠന ക്ളാസ്സുകളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രോജക്ട് നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 15 ഇൻസ്ട്രക്ടർമാർ, 3 കോർഡിനേറ്റർ എന്നിവർക്ക് ഹോണറേറിയം ഇനത്തിൽ മാത്രം 87,000 രൂപ ചെലവ് വന്നിട്ടുണ്ട്. പഠിതാക്കളുടെ അറ്റൻഡൻസ്, പരീക്ഷ എഴുതി എന്നു പറയുന്നവരുടെ ലിസ്റ്റ്, മറ്റു രേഖകൾ, ഫോട്ടോ എന്നിവ പരിശോധിച്ചാൽ ചെലവുമായി രേഖകൾ പൊരുത്തപ്പെടുന്നില്ല എന്നു മനസ്സിലാക്കാവുന്നതാണ്.

ഭാഗികമായി പഠിത്തം ഉപേക്ഷിച്ചവർക്ക് സാക്ഷരതാ മിഷൻ തയ്യാറാക്കിയ തുല്യതാ പാഠാവലിയുടെ അടിസ്ഥാനത്തിൽ ക്ളാസ്സുകൾ നടത്തുക, തുല്യതാ പരീക്ഷ എഴുതുന്നതിന് പ്രാപ്തരാക്കുക, പരീക്ഷ എഴുതി വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകുക എന്നതാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്. പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഇത്തരത്തിൽ എത്ര പേർ ലക്ഷ്യം കൈവരിച്ചു എന്ന് വ്യക്തമല്ല.

മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ലഭ്യമായിട്ടില്ല. ബ്യൂട്ടീഷൻ കോഴ്സ്, തയ്യൽ എന്നീ തൊഴിൽ പരിശീലനങ്ങൾക്കായി 7000 രൂപ ചെലവുണ്ട്. കോഴ്സ് ഫീ ഒരാൾക്ക് 100 രൂപ വീതം 70 പേർക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. തൊഴിൽ പരിശീലനം എത്രത്തോളം വിജയിച്ചു എന്ന് ഉറപ്പാക്കുന്നതിന് മോണിറ്ററിംഗ് റിപ്പോർട്ട്, രേഖകൾ എന്നിവ ലഭ്യമല്ല.

തദ്ദേശ സ്ഥാപനങ്ങൾ തോറും സാക്ഷരത പ്രേരക്മാരെ നിയമിച്ച് വർഷങ്ങളായി ഹോണറേറിയം നൽകി വരുന്നത് ഇത്തരത്തിലുള്ള സാക്ഷരത പരിപാടികൾ ജനങ്ങളിൽ എത്തിക്കുന്നതിന്ന് വേണ്ടിയാണ്. പഞ്ചായത്തിൽ നിലവിൽ 3 സാക്ഷരതാ പ്രേരക് മാർ പ്രവർത്തിച്ച് വരുന്നുണ്ട്. ആയതിന്ന് പുറമേ ഇതേ ആവശ്യത്തിനായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയത് പ്രത്യേകിച്ചും ലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പാക്കാനാവാത്ത സാഹചര്യത്തിൽ ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ബി) പ്രോജക്ട് - സാക്ഷരത (18/16)

അടങ്കൽ - 30000 (പ്ലാൻ ഫണ്ട്)

ചെലവ് - 27,870/-, 44/15-16, 31.3.16

നിർവ്വഹണം - സെക്രട്ടറി

സാക്ഷരത എന്ന പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് പത്താം തരം, ഏഴാം തരം, നാലാം തരം എന്നിവയ്ക്കായി 27,870/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പത്താം തരം പരീക്ഷ എഴുതുന്നതിന് 6 പേരുടെ കോഴ്സ് ഫീസ് 9000/-രൂപ സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും 6 പേരും പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ പരീക്ഷ എഴുതാത്തവരിൽനിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഏഴാം തരം, നാലാം തരം എന്നിവയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് 9870/- (4730+5140) രൂപയുടെ ചെലവുണ്ട്. എന്നാൽ പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അതുല്യം എന്ന പേരിലും ഇതേ പ്രവർത്തനങ്ങൾ തന്നെയാണ് നടത്തിയിട്ടുള്ളത്. പ്രത്യേകിച്ചും നാലാംതരം പരീക്ഷ. അതിനാൽ നാലാംതരം പരീക്ഷയ്ക്കായി വീണ്ടും 5140/- രൂപ ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. അതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച (യാത്രാ ചെലവ് - 2080,ഫോട്ടോ - 750, ബാനർ -960, പഠനോപകരണങ്ങൾ - 1680, ഭക്ഷണ ചെലവ് - 4400, ഇൻസ്ട്രക്ടർമാർക്ക് റിഫ്രഷ്മെന്റ് - 9000, കോഴ്സ് ഫീസ് - 9000) ആകെ ചെലവ് 27,870/- രൂപയിൽ 5140/- രൂപ കഴിച്ച് ബാക്കി തുക 22,730/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 ട്യൂബ് സെറ്റ് വാങ്ങൽ -സ്ഥാപിച്ചതിന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല

പ്രോജക്ട് - ട്യൂബ് സെറ്റ് വാങ്ങൽ (10/16)

അടങ്കൽ - 500000 (വികസന ഫണ്ട്)

ചെലവ് -4,98,807/- 33/15-16, 11.2.16

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ക്രൂസ് എന്ന സ്ഥാപനത്തിൽ നിന്നും 287 single tube set with all fitting assessories വാങ്ങി സ്ഥാപിക്കുന്നതിന് 4,98,807/- രൂപ നൽകിയിട്ടുണ്ട്. 287 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഇൻസ്റ്റലേഷൻ ചാർജായി 28,700/- (287x100) രൂപയും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ സ്ഥാപനം ലൈറ്റുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഇപ്രകാരം നൽകിയ തുക 28,700/- രൂപ തടസ്സത്തിൽ വെക്കുന്നു. KSEB യിൽ നിന്നും സൂപ്പർവിഷൻ ചാർജ്ജ് കണക്കാക്കി, അടവാക്കി വാറണ്ടി കാലയളവിനുള്ളിൽ ട്യൂബ് സെറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന KSEB സെക്ഷൻ ഓഫീസുകളിൽ 9,17,640/- രൂപ അടച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, അടങ്കൽ | ചെലവ് | ബിൽ നം | KSEB സെക്ഷൻ ഓഫീസുകൾ |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (9/16) 800000 (പ്ലാൻ ഫണ്ട്) | 778450 | 23/15-16, 22.12.15 | കേച്ചേരി, കുണ്ടന്നൂർ, മുണ്ടൂർ |
| 2 | “ | 20755 | 6/15-16, 14.7.15 | കുണ്ടന്നൂർ, മുണ്ടൂർ |
| 3 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (38/16) 118435 (പ്ലാൻ ഫണ്ട്) | 118435 | 7/15-16, 14.7.15 | കേച്ചേരി |

| | | | | |
|---|---|---|---|---|
| | | 9,17640/- | | |

വിവിധ KSEB ഓഫീസുകളുമായി വെച്ച കരാർ പ്രകാരം 31.3.16 നള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്. KSEB ഓഫീസ്, കുണ്ടന്നൂർ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

പ്രോജക്ട് നം :19/16

പ്രോജക്ടിന്റെ പേര് :കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 1,15,000 (വികസന ഫണ്ട്)

ചെലവ് : 1,09,750/- 31/15-16, 30.1.16

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പഞ്ചായത്ത് പദ്ധതി ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടത് ജി.ഒ.(ആർ.റ്റി.)1838/12/ത.സ്വ.ഭ.വ, തീയതി.03.07.12 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആയിരിക്കണം. ഇതിലെ വ്യവസ്ഥ അനുസരിച്ച് കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടത് IKM അതതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം (ഉത്തരവിലെ ക്രമനം.7). DGS&D റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS&D റേറ്റ് കോൺട്രാക്ട് നിരക്കുകൾ നിലവിലില്ലെങ്കിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേനയോ വാങ്ങേണ്ടതാണ്. ടി ഉത്തരവിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തിലേക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും 5kva/230v/50Hz UPS- ബാറ്ററി വാങ്ങിയത് ക്രമപ്രകാരമല്ല. മാത്രമല്ല ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

സർക്കാർ ഉത്തരവിനു വിരുദ്ധമായി കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. (എൻക്വയറി നം. 15/17.12.16)

## 3-10 പാലിയേറ്റീവ് പരിചരണം - മാർഗ്ഗരേഖ പാലിക്കുന്നത് സംബന്ധിച്ച്

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന സാന്ത്വനപരിചരണ ചികിത്സാപദ്ധതി എന്ന പ്രോജക്ട് (26/16) നടപ്പാക്കിയതിൽ പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവംബർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് 300/- രൂപ വീതം ആകെ 1500/- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 6/15-16, 23-12-15 തുക 74,154/- ബിൽ നം 9/15-16, 19-2-16 തുക 22,664/- ബിൽനം 13/15-16, 26-3-16 തുക 61,272/-)

പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ, ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ മേൽ ഉത്തരവിന് ശേഷവും ഈ നിബന്ധന പാലിച്ചതായികാണുന്നില്ല.

സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള

അലോപ്പതി, ആയുർവേദ, ഹോമിയോ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, സന്നദ്ധസംഘടനാ പ്രതിനിധികൾ, പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വ്യക്തികൾ, കുടുംബശ്രീ, സി.ഡി.എസ് ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി യൂണിറ്റുകളുടെ ചുമതലയുള്ള അദ്ധ്യാപകർ എന്നിവരുടെ ഒരു യോഗം പഞ്ചായത്ത് വിളിച്ച് ചേർത്ത് അടുത്ത ഒരു വർഷത്തേക്ക് ഹോം കെയർ സംവിധാനം നടപ്പാക്കുവാൻ പാലിയേറ്റീവ് കെയർ നഴ്സ് ഉൾപ്പെടുന്ന ഒരു ഹോം കെയർ ടീമിനെ തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുത്ത ടീമിന് പരിശീലനം നൽകേണ്ടതുമാണ്.

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനം രൂപീകരിക്കേണ്ടതാണ്. കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. യൂണിറ്റിന്റെ മെമ്പർ സെക്രട്ടറിയായ മെഡിക്കൽ ഓഫീസർ ഒരോ മാസത്തേയും വരവ് ചെലവ് കണക്കും പ്രവർത്തന അവലോകന റിപ്പോർട്ടും അവതരിപ്പിക്കേണ്ടതും കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്.

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫീസർ കൺവീനറായി ഒരു പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി രൂപീകരിച്ച് എല്ലാ മാസവും 5-ാം തിയതിക്കു മുമ്പായി യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

മേൽ ഉത്തരവ് തിയതിമുതൽ രണ്ട് മാസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ ഉത്തരവ് തിയതിമുതൽ രണ്ട് മാസത്തിനു ശേഷം തുക ചെലവഴിക്കാൻ പാടില്ല.

എല്ലാ ഹോം കെയർ യൂണിറ്റുകളും നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള ഒരു ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇതനുസരിച്ചാവണം ഹോം കെയർ ക്രമീകരിക്കേണ്ടത്.

ഹോം കെയർ പരിചരണം ആവശ്യമായ രോഗികളിൽ ആയുർവ്വേദ, ഹോമിയോപ്പതി ചികിത്സാരീതിയാണ് കൂടുതൽ ഫലപ്രദമെന്ന് കണ്ടാൽ രോഗിയുടെയും കുടുംബാംഗങ്ങളുടെയും സമ്മതപ്രകാരം അങ്ങനെയുള്ള രോഗികൾക്ക് ചികിത്സയും മരുന്നും സർക്കാർ ആയുർവ്വേദ, ഹോമിയോ ആശുപത്രികളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യം ചാർജ് ഉള്ള മെഡിക്കൽ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്ക് സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ നേഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് ഒരു വർഷത്തേക്ക് കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. കരാർ എല്ലാ വർഷവും പുതുക്കേണ്ടതുമാണ്.

ആമ്പുലൻസ് ഉപയോഗിക്കുന്നതിന് നിശ്ചിത തുക പഞ്ചായത്തിൽ അടവാക്കുന്നതായി കാണുന്നു. എത്ര ശതമാനം തുകയാണ് ഇപ്രകാരം അടവാക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. 2015-16 വർഷം 24,682/- രൂപ ആകെ അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം 30,114/- രൂപ അടവാക്കേണ്ടതാണ്. കുറവായ തുക 5432/- രൂപ അടവാക്കി വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച തുക 1500രൂപ നഷ്ടോത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ തരത്തിൽ പാലിയേറ്റീവ് പരിചരണം നടപ്പാക്കുന്നുവെങ്കിൽ മറുപടി നൽകേണ്ടതാണ് എന്ന് കാണിച്ച് എൻക്വയറി നം. 17/17.12.16 നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 3-11 സമഗ്ര ആരോഗ്യ വികസനം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം : 27/16

പ്രോജക്ടിന്റെ പേര് :സമഗ്ര ആരോഗ്യ വികസനം

ആകെ അടങ്കൽ : 2,00,000 (വികസന ഫണ്ട്)

ചെലവ് : 1,81,738/-

ബിൽ നംമ്പർ : 2/15-16/30.6.15, 3/15-16/25.8.15, 5/15-16/23.12.15, 8/15-16/23.1.16, 11/15-16/19.2.16, 12/15-16/19.2.16, 15/15-16/30.3.16

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പഞ്ചായത്തിൽ 2015-16 വർഷം സമഗ്ര ആരോഗ്യ വികസനം എന്ന പ്രോജക്ടിലൂടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി പദ്ധതിഫണ്ടിൽ നിന്നും തൻവർഷം ആകെ 1,81,738/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു.

1) രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിവരശേഖരണങ്ങൾ, സാധാരണ ശുചീകരണ പ്രവർത്തനങ്ങൾക്കു പുറമേ നടത്തേണ്ടിവരുന്ന പ്രത്യേക ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ എന്നിവരിലൂടെയും എൻ.എച്ച്.എം പരിപാടികൾ, വാർഡ്തല ആരോഗ്യ-ശുചിത്വ-പോഷണ സമിതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണെന്ന് 12-ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പകർച്ചവ്യാധി നിയന്ത്രണപരിപാടികൾ എല്ലാം തന്നെ ആരോഗ്യവകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്നതാണ്. ഇതേ പ്രവൃത്തികൾക്കായി ആരോഗ്യവകുപ്പിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല എന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2) ഫോഗിംങ്ങിന് തുക ചെലവഴിച്ചിട്ടുണ്ട്. ഫോഗിംങ്ങ് മെഷീന്റെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റും ലോഗ് ബുക്കും ഹാജരാക്കേണ്ടതാണ്.

3) സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി വാഹനവാടക ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. ട്രിപ്ഷീറ്റ് ഹാജരാക്കായിട്ടുണ്ടെങ്കിലും അതിൽ ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥ ചെലവ് കണക്കാക്കാനായിട്ടില്ല. ഗതാഗതവകുപ്പിന്റെ നിലവിലെ നിരക്കനുസരിച്ച് കി.മീ.ന് 12/- രൂപയേ അനുവദിക്കാവൂ.

4) ജി.ഒ(പി) 177/06 തീയതി 12.04.2006 ഉത്തരവു പ്രകാരം 1000/- രൂപക്കു മേലുള്ള ചെലവുകൾക്കുള്ള തുക പണമായി നൽകാൻ പാടില്ല. ഈ പദ്ധതിയിലെ എല്ലാ ചെലവുകൾക്കും തുക പണമായാണ് നൽകിയിരിക്കുന്നത്. പണമായി കൊടുത്ത തുക കൈപ്പറ്റിയതിന്റെ രേഖകളുണ്ടെങ്കിലും അതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് എൻക്വയറി നം. 16/17.12.2016 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എൻ.എച്ച്.എം.തൃശ്ശൂർ ജില്ലാ പ്രോഗ്രാം മാനേജരുടെ 19.05.15 ലെ DPMSU/3144/Accountant1/15 നം ഉത്തരവു പ്രകാരം 2015-16 വർഷത്തേക്ക് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റുമായി വേലൂർ പി.എച്ച്.സി ക്ക് 1,70,000/-രൂപ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റും പ്രത്യേകം പദ്ധതി രൂപീകരിച്ച് തുക വിനിയോഗിക്കാൻ പാടില്ലെന്ന് 12-ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാലും ഇതേ പ്രവൃത്തികൾക്കായി ആരോഗ്യവകുപ്പിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല എന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും ചെലവുതുക 1,81,738/- ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-12 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| പ്രോജക്ട് | 137 | 113 | 82 |
| തുക | 3,71,26,604 | 2,92,62,277 | 79 |

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 82% പ്രോജക്ടുകൾ നടപ്പാക്കാനും വകയിരുത്തിയ തുകയുടെ 79% തുക ചെലവഴിക്കാനും മാത്രമേ സാധിച്ചിട്ടുള്ളൂ. കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രോജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേന്മ ഉറപ്പു വരുത്തുവാൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രോജക്ടുകളും നിർവ്വഹിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 പദ്ധതി ചെലവ് വിശദാംശങ്ങൾ

2015-16 വർഷം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ളാൻ ഫണ്ട് ജനറൽ | 1,00,71,096 | 91,28,151 | 91 |
| 2 | പ്ളാൻ ഫണ്ട് SCP | 98,12,738 | 71,03,282 | 72 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 50,25,387 | 49,72,784 | 99 |
| 4 | ലോകബാങ്ക് ധനസഹായം | 68,332 | 68,332 | 100 |
| 5 | പ്ളാൻ ഫണ്ട് TSP | 14000 | 14000 | 0 |
| 6 | കേന്ദ്രധനസഹായം | 8,70,000 | 4,36,337 | 50 |
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 44,44,338 | 29,35,852 | 66 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,36,39,586 | 1,27,48,096 | 93 |
| 9 | തനത് ഫണ്ട് | 64,20,787 | 42,73,039 | 67 |
| 10 | ബ്ളോക്ക് വിഹിതം | 6,16,500 | 3,46,104 | 56 |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | 32,50,000 | 9,20,268 | 28 |
| 12 | മറ്റുള്ളവ | 22,69,961 | 2,56,600 | 11 |

ലഭ്യമായ ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാൻ കഴിയാത്തത് സ്ഥാപനത്തിന്റെ വീഴ്ചയാണ്. ക്രമ നം. 1മുതൽ 5 വരെയുള്ളവയുടെയും 7,8 എന്നിവയുടെയും കാര്യത്തിൽ 2015-16 വർഷത്തിൽ ചെലവഴിച്ചതിനു ശേഷമുള്ള നീക്കിയിരിപ്പ് സാങ്കേതികമായി ലാപ്സ് ആയിട്ടുണ്ട്. ലഭ്യമായ ഫണ്ട് സമയബന്ധിതമായി വിനിയോഗിച്ച് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം പഞ്ചായത്ത് ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

## 3-14 PWD റോഡിൽ പ്രവൃത്തി നടപ്പാക്കിയതിന്റെ ചെലവ്

പ്രോജക്ട് - തയ്യൂർ പാലം മുതൽ ആൽമൈതാനം റോഡ്

മേൽ പറഞ്ഞ ഒരു റോഡിന് വേണ്ടി രണ്ട് പ്രോജക്ട് വെക്കുകയും ഇ-ടെണ്ടർ വഴി 11.9.2015ന് എം.നന്ദനൻ എന്ന കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പ്രോജക്ട് നം. | അടങ്കൽ തുക | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| തയ്യൂർ പാലം മുതൽ ആൽമൈതാനം റോഡ് (965മീറ്റർ) | (159/16) | 1500000 | 25366/- 29/15-16 30.1.16 |
| തയ്യൂർ പാലം മുതൽ ആൽമൈതാനം റോഡ് (890മീറ്റർ) | (160/16) | 1500000 | 45113/- 30/15-16 30.1.16 |
| ആകെ ചെലവ് തുക | | | 70,479/- |

ഫയലിൽനിന്നും മേല്പറഞ്ഞ റോഡ് PWD റോഡ് ആണെന്ന കാണുന്നു. 18.11.15 ലെ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ കത്തിന് മറുപടിയായി പ്രസ്തുത റോഡിൽ പ്രവൃത്തി ആരംഭിച്ചതായും PWD റോഡ് ആയതിനാൽ പഞ്ചായത്ത് ചെയ്യേണ്ടതില്ല എന്നും PWD അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചതായി കാണുന്നു. ഇക്കാര്യം പഞ്ചായത്തിൽ അസി.എഞ്ചിനീയർ അറിയിച്ചെങ്കിലും 2.12.15 ലെ ഭരണസമിതിയുടെ തീരുമാനം നം.11 പ്രകാരം PWD പ്രവൃത്തിയിൽ കാലതാമസം വരുമെന്നതിനാൽ ടി റോഡിന്റെ അറ്റകുറ്റപണികൾ അടിയന്തിരമായി ചെയ്ത് തീർക്കുന്നതിന് തീരുമാനിച്ചതായി കാണുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 7.12.15 ൽ പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സരാഹിത്യപത്രം പൊതുമരാമത്ത് വകുപ്പിൽ നിന്നും വാങ്ങുന്നതിന് കത്ത് അയച്ചതായി കാണുന്നുവെങ്കിലും PWD അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17.12.15 ലെ കത്തിൽ NOC അനുവദിച്ച് തരാൻ നിർവ്വാഹമില്ലന്ന് അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകൾക്ക് വേണ്ടി 70,479/- രൂപ ചെലഴിച്ചതിന് വിശദീകരണം (എൻക്വയറി നം.24/19.12.16) ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം മൂല്യനിർണ്ണയം നടത്തി പണം നൽകിയ മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ കരാർ കാലാവധി കഴിഞ്ഞവയ്ക്ക് ബാധകമായ പിഴ ഈടാക്കാതിരുന്നതിനാൽ സമയബന്ധിതമായി പ്രവൃത്തി കൊണ്ടുണ്ടാകേണ്ടുന്ന പ്രയോജനം വൈകുകയും ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടാവുകയും ചെയ്തതായി കാണുന്നു.

2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം (G.O.(P)No.13/2012/PWD, dtd.2012)ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നാൽ പി.എ.സി.യുടെ നിശ്ചിത ശതമാനം ഫൈൻ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യു.ഡി. മാന്വലിലും, ഗ്രാമപഞ്ചായത്ത് കരാറുകാരനുമായി ഒപ്പുവച്ച കരാർ ഉടമ്പടിയിലും വ്യവസ്ഥ (ക്രമ.നം–7) ചെയ്തിട്ടുള്ള പ്രകാരം കരാറുകാരന് കരാർ കാലാവധി നീട്ടി നൽകുകയോ, ടിയാനുള്ള ബില്ലിൽനിന്നും ക്രമ പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരുമായി ഒപ്പുവെച്ച കരാർ വ്യവസ്ഥകൾ (6)പ്രകാരം കരാറുടമ്പടി വെച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റു വാങ്ങുകയും, സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുന്നതിനും കരാറുടമ്പടിയുടെ ഭാഗമായി വെച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. വ്യവസ്ഥ 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാൻ പാടുള്ളൂ.

മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ പാലിക്കാതെ കരാറുകാർക്ക് അനർഹമായ ആനുകൂല്യം നൽകുന്നതിന് സാഹചര്യം സൃഷ്ടിക്കപ്പെട്ടതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്ട്-കുറുക്കൻ കുണ്ട് റോഡ് (129/16)

അടങ്കൽ -600000

ചെലവ് - 327298/- , 74/15-16, 21.3.16

കരാറുകാരൻ - എം.നന്ദനൻ

കരാർ നം, തിയതി - 36/15-16, 11.9.15

കരാർ തുക – 545828

പൂർത്തീകരിക്കേണ്ട തിയതി – 11.12.15 (മൂന്നു മാസം)

പ്രവൃത്തി ആരംഭിച്ച തിയതി – 20.11.15

പൂർത്തീകരിച്ച തിയതി – 1.3.16

ഈടാക്കേണ്ട പിഴ- 1.1.16 മുതൽ 1.3.16വരെ 3മാസം-545828x1%x60/90=3638

ആകെ = 3638/- രൂപ

(സപ്ലിമെന്ററി എഗ്രിമെന്റ് വെക്കേണ്ടതാണ് എന്ന് പറഞ്ഞ് കത്ത് നൽകിയതായി കാണുന്നുവെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കരാറിലോ സൈറ്റ് കൈമാറിയപ്പോഴോ പൂർത്തീകരണ കാലാവധി പറയുന്നില്ല. അതിനാൽ 3 മാസ കാലയളവിൽ പൂർത്തീകരിക്കേണ്ടതാണ്. )

2)പ്രോജക്ട് - കുട്ടംകുളം അംഗൻവാടി പുനരുദ്ധാരണം (70/16)

അടങ്കൽ -4,60,000

ചെലവ് - 3,60,000/- , 11/15-16, 31.10.15

കൺവീനർ -പ്രിൻസി.കെ.ജെ

കരാർനം, തിയതി - 85/14-15, 28.3.15

കരാർ തുക –460,000

പൂർത്തീകരിക്കേണ്ട തിയതി -28.6.15

പ്രവൃത്തി ആരംഭിച്ച തിയതി -4.5.15

പൂർത്തീകരിച്ച തിയതി -20.10.15

ഈടാക്കേണ്ട പിഴ-

1.7.15 മുതൽ 30.9.15വരെ -460000x1%=4600

1.10.15 മുതൽ 20.10.15വരെ -460000x2%x20/90=2044

ആകെ = 6644/-രൂപ

3)പ്രോജക്ട് - ഐശ്വര്യ നഗർ റോഡ് സോളിംഗ് മെറ്റലിംഗ് (118/16)

അടങ്കൽ -460000

ചെലവ് - 192073/- , 94/15-16, 29.3.16

കരാറുകാരൻ -എം.നന്ദനൻ

കരാർനം, തിയതി - 12/15-16, 10.9.15

കരാർ തുക -457671

പൂർത്തീകരിക്കേണ്ടതിയതി - 10.12.15

പ്രവൃത്തി ആരംഭിച്ച തിയതി - 30.10.15

പൂർത്തീകരിച്ച തിയതി -11.3.16

ഈടാക്കേണ്ട പിഴ-

1.1.16 മുതൽ 11.3.16വരെ - 457671x1%x70/90=3560

ആകെ = 3560/- രൂപ

4)പ്രോജക്ട് - തയ്യൂർ കുന്നത്തുപുരക്കൽ കോളനി റോഡ് (72/16)

അടങ്കൽ -400,000

ചെലവ് - 4,00,000/- , 33/15-16, 30.1.16

കൺവീനർ -എം.എം.കൃഷ്ണൻ

കരാർനം, തിയതി - 74/14-15, 19.3.15

കരാർ തുക -400000

പൂർത്തീകരിക്കേണ്ട തിയതി -19.6.15

പ്രവൃത്തി ആരംഭിച്ച തിയതി - 11.1.16

പൂർത്തീകരിച്ച തിയതി -25.1.16

ഈടാക്കേണ്ട പിഴ-

1.7.15 മുതൽ 30.9.15വരെ 3മാസം-400000 x1%=4000

1.10.15 മുതൽ 31.12.15വരെ 3മാസം- 400000x2%=8000

1.1.16മുതൽ 25.1.16വരെ - 400000x2%x25/90=2222

ആകെ = 14,222/-രൂപ

5)പ്രോജക്ട് - കള്ളക്കടം റോഡ് സൈഡ് കെട്ടൽ (60/16)

അടങ്കൽ -100,000

ചെലവ് - 100,000/- , 34/15-16, 30.1.16

കൺവീനർ -പി.ജി.സിദ്ധാർത്ഥൻ

കരാർനം, തിയതി - 86/14-15, 28.3.15

കരാർ തുക -100,000

പൂർത്തീകരിക്കേണ്ട തിയതി -28.6.15

പ്രവൃത്തി ആരംഭിച്ച തിയതി -6.10.15

പൂർത്തീകരിച്ച തിയതി -27.1.16

ഈടാക്കേണ്ട പിഴ-

1.7.15 മുതൽ 30.9.15വരെ 3മാസം-100000 x1%=1000

1.10.15 മുതൽ 31.12.15വരെ 3മാസം- 100000 x2%=2000

1.1.16 മുതൽ 27.1.16വരെ -100000 x2%x27/90=600

ആകെ = 3600/-രൂപ

6)പ്രോജക്ട് - തയ്യൂർ പള്ളിനം.87 അംഗൻവാടി പുനരുദ്ധാരണം (69/16)

അടങ്കൽ -165000

ചെലവ് - 103,725/- , 6/15-16, 25.9.15

കൺവീനർ -പ്രസന്ന.എം.എൻ

കരാർനം, തിയതി - 69/14-15, 13.3.15

കരാർ തുക -165000

പൂർത്തീകരിക്കേണ്ട തിയതി -13.6.15

പ്രവൃത്തി ആരംഭിച്ച തിയതി -5.6.15

പൂർത്തീകരിച്ച തിയതി -20.8.15

ഈടാക്കേണ്ട പിഴ-

1.7.15 മുതൽ 20.8.15വരെ 3മാസം-165000 x1%x51/90=935

ആകെ = 935/-രൂപ

7)പ്രോജക്ട് - പാണൻ കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ (79/16)

അടങ്കൽ -165000

ചെലവ് - 18813/- , 27/15-16, 30.1.16

കൺവീനർ -എം.കെ.ചന്ദ്രൻ

കരാർനം, തിയതി - 76/14-15, 19.3.15

കരാർ തുക -165000

പൂർത്തീകരിക്കേണ്ട തിയതി -19.6.15

പ്രവൃത്തി ആരംഭിച്ച തിയതി - 1.9.15

പൂർത്തീകരിച്ച തിയതി -11.9.15

ഈടാക്കേണ്ട പിഴ-

1.7.15 മുതൽ 11.9.15വരെ -165000 x1%x73/90=1338

ആകെ = 1338/-രൂപ

8)പ്രോജക്ട് - കടമാംതോട് കുടിവെള്ളപദ്ധതി (77/16)

അടങ്കൽ -620000

ചെലവ് - 552701/- , 9/15-16, 29.10.15

കൺവീനർ -സനൽകുമാർ

കരാർനം, തിയതി - 75/15-16, 19.3.15

കരാർ തുക -620000

പൂർത്തീകരിക്കേണ്ട തിയതി -19.6.15

പ്രവൃത്തി ആരംഭിച്ച തിയതി -12.5.15

പൂർത്തീകരിച്ച തിയതി -7.10.15

ഈടാക്കേണ്ട പിഴ-

1.7.15 മുതൽ 30.9.15വരെ -620000 x1%=6200

1.10.15 മുതൽ 7.10.15വരെ -620000 x2%x7/90=964

ആകെ = 7164/-രൂപ

ആകെത്തുക - 41,101/-
സപ്ലിമെന്ററി എഗ്രിമെന്റ് വെക്കാത്തതിനാൽ വിവിധ കരാറുകാരിൽനിന്നും ആകെ 41,101/- രൂപ പിഴ ഇനത്തിൽ ഈടാക്കേണ്ടതും മറുപടി നൽകേണ്ടതുമാണ്. (എൻക്വയറി നം.25/19.12.16)

## 3-16 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പണികളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം 43 മരാമത്ത് പണികളുടെ നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ സമിതികൾ ആണ്. 1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങളും 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും 12-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കാതെയാണ് മരാമത്ത് പണികൾ നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി രൂപീകരണം, സാങ്കേതിക വിദഗ്ധനെ നിയോഗിക്കൽ, മസ്റ്റർ റോൾ സൂക്ഷിപ്പ്, നിർമ്മാണ സാധനങ്ങൾ വാങ്ങൽ, യോഗം ചേരൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തൽ തുടങ്ങിയ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു.

ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1) 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം.സാൻഡ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ പാസ് മുഖേന പ്രവൃത്തികൾക്ക് മണൽ ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ സിമന്റ്,കമ്പി മുതലായ നിർമ്മാണ വസ്തുക്കൾ വാങ്ങിയതിന് വെള്ള കടലാസിൽ എഴുതിയ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ഇപ്രകാരം ആധികാരിക രേഖകളുടെ പിൻബലമില്ലാതെയാണ് കൺവീനർമാർക്ക് ബിൽ തുക നൽകിയത്.

2) ഗുണഭോക്തൃ സമിതികളുടെ പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക സംഘാടന പരിചയവും പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. സമിതികളുടെ കൺവീനർമാരാരും മൊബിലൈസേഷൻ അഡ്വാൻസ് സ്വീകരിക്കുകയോ പ്രവൃത്തികളുടെ പാർട്ട് ബിൽ പേയ്മെന്റ് ആവശ്യപ്പെടുകയോ ചെയ്യുന്നില്ല എന്ന് കാണുന്നു. സമിതികളുടെ പ്രവർത്തനത്തിൽ ബാഹ്യനിയന്ത്രണം വരാതിരിക്കാൻ കൃത്യമായ മോണിറ്ററിംഗ് ഉണ്ടാവേണ്ടതാണ്.

3) ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ഗുണഭോക്തൃ സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

5) മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ, തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്പിക്കുകയോ ചെയ്യുന്നില്ല.

6) പ്രവൃത്തിയുടെ കൺവീനർ എന്ന കപ്പാസിറ്റിയിൽ പാൻകാർഡ് എടുക്കാത്തപക്ഷം കൺവീനറിൽ നിന്നും 20%

ആദായനികുതി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ 1% ആദായനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

7) പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായി വരുന്ന എല്ലാ പണമിടപാടുകളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തേണ്ടതെങ്കിലും, ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലൂടെയല്ല പണമിടപാട് നടത്തിയിട്ടുള്ളത്.

8) ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല. ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9) മോണിറ്ററിംഗ് നടത്തുന്നില്ല. ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയതി16.11.13 ലെ ഖണ്ഡിക 19 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് പൊതുമരാമത്ത് എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവഹിക്കേണ്ടത്. എന്നാൽ ഈ രീതിയിലുള്ള മോണിറ്ററിംഗ് 2015-16 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ എല്ലാ പ്രോജക്ടുകളുടെയും നിർവഹണത്തിൽ നടന്നിട്ടില്ല. പലപ്പോഴും മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് തുക നൽകിയിരിക്കുന്നത്.

10) പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കണമെന്ന നിർദ്ദേശം ഒരു പ്രവർത്തികളിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഗുണഭോക്തൃ കമ്മിറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 നം. സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

ഇത്തരം നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ള കരാർ ഉടമ്പടി ഒപ്പ് വച്ച് നൽകിയിട്ടും അവ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെ തുക അനുവദിച്ചതിനും, നടപടിക്രമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതിരുന്നതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-17 ടെണ്ടർ, ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം

സ.ഉ(പി)നം.524/15/ധന തിയതി 17-11-2015 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. 2015-16 വർഷത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ മുതൽ അടങ്കൽ നിശ്ചയിച്ച 15 പ്രവൃത്തികളാണ് ഇ-ടെണ്ടറിന്റെ പരിധിയിൽ ഉണ്ടായിരുന്നത്. എന്നാൽ 8എണ്ണം മാത്രമാണ് ഇ-ടെണ്ടർ മുഖാന്തരം നടപ്പാക്കിയത്. ഇതിൽ 8 വർക്കുകളിലും എം.നന്ദനൻ എന്ന ഒരു കരാറുകാരൻ മാത്രമാണ് ടെണ്ടർ സമർപ്പിച്ചതായും അംഗീകരിച്ചതായും കാണുന്നത്.

2015-16 വർഷത്തിൽ 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള 75 മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ എല്ലാ പ്രവൃത്തികളിലും രണ്ട് പേർ വീതമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഒരാൾ 10% കൂടുതൽ നിരക്കിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും. എല്ലാ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ ഉറപ്പിച്ചു നൽകിയിട്ടുള്ളത്.

ഇ-ടെണ്ടറിന്റെ പരിധിയിൽ വരാതിരിക്കുന്നതിന് 5 ലക്ഷത്തിൽ താഴെയായി അടങ്കൽ തുക നിശ്ചയിച്ചിരിക്കുന്നതായും കാണുന്നു. ഉദാ. പ്രിയദർശിനി റോഡ് , അടങ്കൽ തുക- 498500. ഐഐട്ടി ഞാലിക്കര റോഡ്, അടങ്കൽ തുക- 480500. പഴവൂർ എടക്കുന്നി റോഡ്, അടങ്കൽ തുക- 479000.

പരമാവധി പ്രവർത്തികൾ ഇ-ടെണ്ടറുകളിലൂടെ നടപ്പാക്കുന്നതിനും ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മത്സരം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

## 3-18 ഫിക്സഡ് ഡെപ്പോസിറ്റുകൾ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

വിവിധ പദ്ധതികൾക്കായി വ്യക്തികളും, സ്ഥാപനങ്ങളും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകിയ ഫിക്സഡ് ഡെപ്പോസിറ്റുകൾ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുകയുണ്ടായി. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ലീൻ മാർക്ക് ചെയ്തു നൽകിയ സ്ഥിര നിക്ഷേപ രസീതുകൾ പണമാക്കി തനതു ഫണ്ടിൽ അടവാക്കിയിട്ടില്ല. സ്ഥാപനങ്ങൾ നൽകിയ സ്ഥിര നിക്ഷേപം ഡിഫക്ട് ലയബിലിറ്റി കാലയളവിനു ശേഷം പലിശ രഹിതമായി തിരികെ നൽകുന്നതിനാണ് കരാറിൽ വ്യവസ്ഥചെയ്യേണ്ടത്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുഛേദം 140 (1) (a) പ്രകാരം ഇത്തരത്തിൽ സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ ബാങ്കിൽ/ട്രഷറിയിൽ അടവാക്കുന്നതിനു നിർദ്ദേശിച്ച് 27.8.10ന് നമ്പർ 80/10 ആയി ധനവകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി നിർദ്ദേശം പാലിക്കാത്തതു മൂലം പഞ്ചായത്തിന് ലഭിച്ച സ്ഥിരനിക്ഷേപത്തിൻമേൽ തിരികെ നൽകുന്നതുവരെയുള്ള കാലയളവിൽ ലഭിക്കേണ്ടിയിരുന്ന പലിശ നഷ്ടമായിട്ടുണ്ട്.

## 3-19 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അടങ്കൽ തുക കുറച്ച് കൂടുതൽ പ്രവൃത്തികൾ ചെയ്യുന്ന രീതി ഉപേക്ഷിക്കേണ്ടതാണ്

ആകെ 17 വാർഡുകളുള്ള വേലൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ശാസ്ത്രീയമായ വിലയിരുത്തലുകളുടെയും കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലല്ല നടപ്പാക്കപ്പെടുന്നത്. മുഴവൻ വാർഡുകളിലും പദ്ധതികൾ നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ വകയിരുത്തുന്ന തുക വിഭജിച്ച് ചെറിയ അടങ്കലുകൾ പദ്ധതികളാക്കി നടപ്പിലാക്കുന്നു. ഈ അശാസ്ത്രീയ സമീപനം മൂലം ഒരു പ്രവൃത്തി, അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കപ്പെടുന്നില്ല. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തികളുടെ എണ്ണം | 137 |
| നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | 113 |
| ആകെ അടങ്കൽ | 3,71,26,604 |
| ചെലവഴിച്ച തുക | 2,92,62,277 |
| ഒരു പ്രവൃത്തിക്കായി ശരാശരി വിനിയോഗിച്ച തുക | 2,58,958 |

അടങ്കൽ തുക കുറച്ച് കൂടുതൽ പ്രവൃത്തികൾ ചെയ്യുന്ന രീതി ഉപേക്ഷിച്ച് വികസന പ്രവർത്തനങ്ങൾക്കായി ഒരു മുൻഗണനാ ക്രമം നിശ്ചയിച്ച് നാടിന്റെ സമഗ്ര പുരോഗതിക്കായുള്ള പദ്ധതികൾ നടപ്പിലാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. കൂടാതെ ഒരു സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാവാതെ പോകുന്ന സ്ഥിതി വിശേഷവും ഒഴിവാക്കേണ്ടതാണ്.

## 3-20 റോഡ് കണക്റ്റിവിറ്റി പ്ലാൻ

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും പ്രധാന ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നംപർ സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതും ഇല്ലെങ്കിൽ എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട്

നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നംപർ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (എൻക്വയറി നം. 22/19.12.16)

## 3-21 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് - കൈപ്പറ്റ് രശീതി ലഭ്യമായില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധി വിഹിതം 2,93,737/- രൂപ ഈടാക്കിയിട്ടുണ്ട് എന്നും തൻവർഷം ഈടാക്കിയ മുഴുവൻ തുകയും ഡിമാന്റ് ഡ്രാഫ്റ്റുകളായി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്നും പറയുന്നുവെങ്കിലും ഇത് സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന് ക്ഷേമനിധി ബോർഡിന്റെ രശീതിയും ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ കൃത്യമായി രജിസ്റ്റർ സൂക്ഷിക്കുകയും ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. (എൻക്വയറി നം 19/19.12.16)

## 3-22 ടാർ വാങ്ങിയതിലെ ബില്ല് ഹാജരാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ(എം.എസ്) 275/2008/ത.സ്വ.ഭ.വ,തീയതി 13-10-2008 പ്രകാരം മരാമത്ത് പണികൾക്കാവശ്യമായ ബിറ്റുമിൻ കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതു മേഖല എണ്ണ കമ്പനികളിൽ നിന്ന് വാങ്ങണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ചില നിബന്ധനകൾക്ക് വിധേയമായി സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങുന്നതിനും സർക്കാർ അനുമതിയുണ്ട്. ( 14-04-2010-ലെസർക്കാർ ഉത്തരവ് നമ്പർ(ആർ.ടി )1320/2010/ത.സ്വ.ഭ.വ )

എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ ഏതാനും റോഡ് പ്രവർത്തികൾക്ക് ഗുണഭോക്തൃ സമിതി കൺവീനർമാർ ബിറ്റുമിൻ വാങ്ങിയത് എവിടെനിന്നാണെന്ന് വ്യക്തമാക്കുന്ന ബില്ല് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതികൾ എത്ര ടാർ ഉപയോഗിച്ചുവെന്നും അത് എങ്ങനെ ലഭ്യമാക്കി എന്നുമുള്ള കാര്യങ്ങൾ നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല. ഗുണഭോക്തൃ സമിതിക്ക് കുറഞ്ഞ വിലക്ക് ടാർ ലഭ്യമാവുന്നത് കണക്കിലെടുക്കാതെ, എസ്റ്റിമേറ്റിൽ കണക്കാക്കിയ നിരക്കിൽ തുക അനുവദിച്ചതിനാൽ, ഗുണഭോക്തൃ സമിതികൾ വഴിയുള്ള പ്രവൃത്തി കൊണ്ട് ലക്ഷ്യമാക്കുന്ന അടിസ്ഥാന ലക്ഷ്യമായ ചെലവു ചുരുക്കൽ (ലാഭം) പഞ്ചായത്തിനു നഷ്ടപ്പെട്ടിരിക്കുകയാണ്. ഈയിനത്തിൽ പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാ. ചെറുകുന്ന് കോളനി വായനശാല റോഡ് (62/16), ചെറുകുന്ന് കോളനി ലിങ്ക് റോഡ് (63/16)

അളവുപുസ്തകത്തിൽ ടാറിന്റെ ഉപയോഗം സംബന്ധിച്ച് സാക്ഷ്യപ്പെടുത്തലില്ല. ടാറിന്റെ ഉപയോഗം സംബന്ധിച്ച് അതിന്റെ അളവ്, ഗുണനിലവാരം എന്നിവ നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-23 റോഡ് നിർമ്മാണ പ്രവർത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു

ഗ്രാമപഞ്ചായത്ത് 2015-16-ൽ ഏറ്റെടുത്ത ചില റോഡുനിർമാണ പ്രവൃത്തികൾ സോളിംഗ് വരെയുള്ള ഇനങ്ങൾ പൂർത്തീകരിച്ച് അവസാനിപ്പിച്ചതായി കാണുന്നു. മെറ്റലിങ്ങിന് ശേഷം ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിംഗ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ഇത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. (2015-16മുതൽ വളരെ ഉയർന്നനിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക.) സോളിംഗ്, മെറ്റലിങ്ങ് എന്നിവ മാത്രം നടത്തി അവസാനിപ്പിച്ച ഏതാനും റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | നെല്ലിക്കൽ റോഡ് സോളിംഗ് (52/16) | 180000 | 179721 |
| 2 | പാത്രമംഗലം അട്ടച്ചിറ റോഡ് (113/16) | 200000 | 200000 |
| 3 | അയ്യപ്പൻ കാവ് റോഡ് സോളിംഗ് (106/16) | 265000 | 265000 |
| 4 | ഗാന്ധിസ്ക്വയർ റോഡ് (123/16) | 100000 | 84101 |
| 5 | ആശാരിമൂല വടക്കുമുറി റോഡ് (98/16) | 217000 | 217000 |

തുടർ പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തിൽ മേൽപ്പറഞ്ഞ പ്രോജക്ടുകൾ അംഗീകാരത്തിന് നൽകിയതായും കാണുന്നില്ല. ആയതിനാൽ മരാമത്തുപ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം, പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-24 വനിത പട്ടിക ജാതിക്കാർക്ക് ഭവന നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - അസി. സെക്രട്ടറി.

അടങ്കൽ - 12,00,000/- (വികസന ഫണ്ട് - എസ്,സി.പി)

പ്രോജക്ട് നമ്പർ 14/16 – വനിത പട്ടിക ജാതിക്കാർക്ക് വീട് നിർമ്മാണം എന്ന പദ്ധതിക്ക് വേണ്ടി 6,60,000/- രൂപ (ട്രഷറി ബിൽ നമ്പർ 14 dt. 22-12-15 – 90,000/-, 18 dt. 30-1-16 – 90,000/-, 21 dt. 17-12-16 – 90,000/-, 27 dt. 22-3-16 – 90,000/-, 29 dt. 29-2-16 -1,80,000/-, 33 dt. 31-3-16 – 90,000/-, 17 dt. 22-1-16 -30,000/-) പിൻവലിച്ച് ശ്രീമതി. ദേവകി, കല്ലുംപറമ്പിൽ, ശ്രീമതി. ഗീത, വട്ടംപറമ്പിൽ, ശ്രീമതി. കൊച്ചമ്മിണി, കുന്നത്തുപുരക്കൽ, ശ്രീമതി. ഷീല ഉണ്ണികൃഷ്ണൻ എന്നീ 4 ഗുണഭോക്താക്കൾക്ക് യഥാക്രമം 3,00,000/-, 1,20,000/-, 2,10,000/-, 30,000/- എന്നിങ്ങനെ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷയും മറ്റു രേഖകളും പരിശോധിച്ചതിൽ, ശ്രീമതി. ദേവകി മാത്രമെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളൂ. മറ്റുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13, തീയതി. 17-12-2016) ലഭിച്ച മറുപടിയിൽ ശ്രീമതി. ഗീത വട്ടംപറമ്പിൽ, ശ്രീമതി. കൊച്ചമ്മിണി, കുന്നത്തുപുരക്കൽ എന്നിവരുടെ ഭവന നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നും, ശ്രീമതി. ഷീല ഉണ്ണികൃഷ്ണൻ തറപ്പണി മാത്രമെ പൂർത്തിയാക്കിയിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. അതാത് സാമ്പത്തിക വർഷങ്ങളിൽ അനുവദിക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി മാറ്റാതെ തൻവർഷം തന്നെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 3-25 വനിത പട്ടിക ജാതിക്കാർക്ക് വീട് നിർമ്മാണം (സ്പിൽ ഓവർ) - പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - 39/16.

അടങ്കൽ - 1,89,000/- രൂപ.

ചെലവ് - 1,27,000/- രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി.

ട്രഷറി ബിൽ നമ്പർ - 8/14-10-2015 – 2,20,000/-

11/31-10-15 – 90,000/-

13/22-12-15 – 90,000/-

30/29-3-16 – 1,00,000/-

01/20-06-15 – 2,40,000/-

03/30-6-15 – 1,80,000/-

04/14-07-15 – 1,20,000/-

05/30-07-15 – 90,000/-

06/24-08-15 – 1,40,000/-

വനിത പട്ടിക ജാതിക്കാർക്ക് വീട് നിർമ്മാണം (സ്പിൽ ഓവർ) എന്ന പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷം ചെലവഴിച്ച 1,27,000/- രൂപ 7 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാൾ മാത്രമാണ് (ശ്രീമതി. അയ്യക്കുട്ടി, കാരവളപ്പിൽ, തയ്യൂർ) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത 6 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പിന് (ഓ. എൻക്വയറി നമ്പർ 14 തീയതി 17-12-2016) ലഭ്യമാക്കിയ മറുപടിയിൽ ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നാണറിയിച്ചിട്ടുള്ളത്. പദ്ധതി പരിപൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 3-26 ചെറുകുന്ന് കോളനി കുടിവെള്ള പദ്ധതി - ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ - 89/12 (Spill Over)

59/15 (Spill over)

47/16 (Spill over)

അടങ്കൽ - 10,00,000/-

കൺവീനർ - കെ.കെ. രാധാകൃഷ്ണൻ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ.

ബിൽ നമ്പർ - 96/31-3-2016 - 31,185/- (First & Part Bill)

196/31-3-2016 - 7,39,083/- (II & Part Bill)

2011-12 വർഷത്തിൽ തുടക്കം കുറിച്ച ചെറുകുന്ന് കോളനി കുടിവെള്ള പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 2015-16 സാമ്പത്തിക വർഷം 7,70,268/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൺവീനർക്ക് നൽകിയിട്ടുണ്ട്. നമ്പർ AE/LSGD/VLR/2015-16 തീയതി 17-12-2016 പ്രകാരം എഗ്രിമെന്റ് വെച്ച പ്രസ്തുത പദ്ധതിയുടെ തുടർ പ്രവൃത്തികളുടെ III & Final Bill പ്രകാരം 27-6-2016 ന് പ്രവൃത്തിയുടെ അവസാന മെഷർമെന്റ് എടുത്തിട്ടുണ്ട്(അളവു പുസ്തകം നമ്പർ 238/15-16 പേജ് 9). പ്രസ്തുത രേഖപ്പെടുത്തൽ അനുസരിച്ച് പ്രവൃത്തി 27-6-2016 ന് പൂർത്തിയായിട്ടുള്ളതാണ്. പ്രവൃത്തിയുടെ ഇതുവരെ നടത്തിയ ആകെ മൂല്യം 9,79,021/- രൂപയും, മുമ്പ് നൽകിയ പാർട്ട് ബില്ലിനു ശേഷമുള്ള മൂല്യം 1,58,014/- രൂപയുമാണെന്ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (അളവു പുസ്തകം 238/15-16 പേജ് 28). പ്രവൃത്തി പൂർത്തീകരിച്ച്, പദ്ധതി പ്രവർത്തനക്ഷമമായതു സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയുടെ വരവ് ചെലവ് കണക്കുകൾ, വൗച്ചറുകൾ, ക്യാഷ് ബില്ലുകൾ, മസ്റ്റർ റോളുകൾ, മിനിറ്റ്സ് തുടങ്ങിയ രേഖകൾ ഒന്നുംതന്നെ ഫയലിൽ ലഭ്യമല്ല. ആയവ കൺവീനറിൽ നിന്ന് ലഭ്യമാക്കുവാനും, പ്രവൃത്തിയുടെ ഫൈനൽ ബിൽ സെറ്റിൽ ചെയ്യുന്നതിനുമുള്ള തുടർ നടപടികൾ പഞ്ചായത്ത് ഉടൻ കൈക്കൊള്ളേണ്ടതാണ്.

## 3-27 ആശ്രയ പദ്ധതി-അവലോകനം

വേലൂർ പഞ്ചായത്തിലെ ആശ്രയ പദ്ധതി നടത്തിപ്പ് പുരോഗതി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു

| | ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 65 | 132 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 150 | 132 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 14 | - |
| 4 | നാളിതുവരെ ലഭിച്ചവർ | 2 | - |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 33 | 11 |
| 6 | നാളിതുവരെ ലഭിച്ചവർ | 6 | 10 |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 15 | 14 |
| 8 | നാളിതുവരെ ലഭിച്ചവർ | 1 | 7 |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 24 | 2 |
| 10 | നാളിതുവരെ ലഭിച്ചവർ | 2 | 2 |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 20 | 6 |
| 12 | നാളിതുവരെ ലഭിച്ചവർ | 4 | |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | 28 | 0 |
| 14 | നാളിതുവരെ ലഭിച്ചവർ | 0 | 0 |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് ഉടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 65 | 132 |
| 16 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് ഉടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | 65 | 132 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | 1295700 | 3271490 |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | 1286709 | 2917588 |
| 19 | നീക്കിയിരിപ്പ് | 8991 | 353902 |
| 20 | ചെലവ് ശതമാനം | 99% | 89% |

ലഭ്യമാക്കിയ ഡാറ്റ അപൂർണ്ണമാണ്. ഒന്നാം പ്രോജക്റ്റിൽ കക്കൂസ് ഇല്ലാത്ത 24 പേരുള്ളതിൽ 2 പേർക്കേ നല്കിയതായി കാണുന്നുള്ളൂ. ആശ്രയ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 58700 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 58700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 100000 | സാന്ത്വനപരിചരണ ചികിൽസ | 80204 | 19796 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 57200 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 57200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2012-13 | 800000 | ചെറുകുന്ന് കോളനി കുടിവെള്ള പദ്ധതി | 770268 | 29732 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 150000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ | | 778450 | - | 778450 |

## 4-3 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | | | 727000 | 727000 | - | - |

•

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2930/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-1 | 2530 | - | വിവിധ രസീതുകൾ |
| 2013-14 | 3-8 | 400 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 41500289/28.03.16 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 4,16,18,812.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 5,89,87,907.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | ₹ 232289 |

| | |
|---|---|
| തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 51430 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 5140 | ശ്രീ.ടി.പി.കുര്യൻ,സെക്രട്ടറി |
| 3-10 | | 1500 | ഡോ.സ്മിത കൊച്ചുമോൻ, മെഡിക്കൽ ഓഫീസർ |
| 3-11 | | 181738 | ഡോ.സ്മിത കൊച്ചുമോൻ, മെഡിക്കൽ ഓഫീസർ |
| 3-15 | | 41101 | ശ്രീമതി.നിമ്മി ഇ .ആർ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 229479 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(b) | 22730 | ശ്രീ.ടി.പി.കുര്യൻ,സെക്രട്ടറി |
| 3-7 | 28700 | ശ്രീ.ടി.പി.കുര്യൻ,സെക്രട്ടറി |
| ആകെ | 51430 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-5 | 2810 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.പി.കുര്യൻ,സെക്രട്ടറി | സെക്രട്ടറി,എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് | തറയിൽ വീട്, ആട്ടോർ കുറ്റൂർ.പി.ഒ, തൃശ്ശൂർ – 680013 |
| ഡോ.സ്മിത കൊച്ചുമോൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,PHCവേലൂർ | രോഹിണി,മൈത്രിനഗർ,അത്താണി, തൃശ്ശൂർ ജില്ല. |
| ശ്രീമതി.നിമ്മി.ഇ ആർ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | W/o നിഥിൻചന്ദ്ര മരിക്കേൽ കരിപ്പത്ര ഹൗസ് എലിഞ്ഞിപ്ര പി.ഒ ചാലക്കുടി |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 68-69, 72-73, 74-75, 75-76, 76-77, 77-78, 78-79, 79-80, 80-81 88-89 89-90 90-91, 92-93 93-94 94-95 95-96 | എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11<br>എൽ. എഫ്. ടി ( എസ് 2) / 816/ 11/ 29.7.11/ 30.9.11 | |
| 96-97 | എൽ .എഫ്.ടി 13- 607/98 /6.2.99 | |
| 97-98 | എൽ .എഫ്.ടി 13- 611/2000 /14.6.2000 | |
| 98-99 | എൽ .എഫ്.ടി 20- 167/01 /7.6.01 | |
| 99-00 | എൽ .എഫ്.ടി 17- 335/05 /15.11.05 | |
| 2000-01 ( പ്ലാൻ) & 01-02 | എൽ .എഫ്.ടി 17- 1762/03 /26.2.04 | |
| 01-02 (പ്ലാൻ) | എൽ .എഫ്.ടി 17- 451/06 /30.3.06 | |
| 03-04 | എൽ .എഫ്.ടി 17- 1116/07 /7.11.07 | |
| 04-05 | എൽ .എഫ്.ടി 17- 1669/08 /14.6.10 | |
| 05-06 | എൽ .എഫ്.ടി 17- 343/10 /18.3.11 | |
| 06-07 | എൽ .എഫ്.ടി 17- 344/10/ 18.3.2011/ 18.10.11 | |
| 07-08 | എൽ.എഫ്.ടി പി 2- 1091/12 /24.9.2012 | |
| 08-09 | എൽ .എഫ്.ടി പി 2- 1090/12/24.9.12 | |
| 09-10 | എൽ .എഫ്.ടി പി (2)- 1084/12/24.9.12 | |

| | | |
|---|---|---|
| 10-11 | എൽ .എഫ്.ടി പി (2)-1085/12/ 24.9.12/ 02.02.13 | |
| 11-12 | എൽ.എഫ്.ടിപി(6)-1123/13/ 11.12.13/3.2.14 | |
| 12-13 | എൽ .എഫ്.ടി പി (9)-1521/14/12.1.15/ 17.3.15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി9)792/15 തിയ്യതി 15.10.15/4.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ (പി9)864/16 തിയ്യതി 01.06.16 | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

## അനുബന്ധം 1

# AUDIT CERTIFICATE

No. KSA-TSR(P9)1/2017

Kerala State Audit Department

District Audit Office,
Thrissur- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in
Dated: 30.01.2017

Certified that I have audited the Annaual Fianacial Statement of Velur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Velur Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur

കെ.എസ്.എ-ടി.എസ്.ആർ(പി9)1/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 30.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ